## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2643** **06.02.2018-ന് മറുപടിയ്ക്**

## കക്കാട് സ്റ്റേഡിയം നിർമ്മാണത്തിന് സ്ഥലം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ.എം.ഷാജി | | ശ്രീ. കെ. രാജു (ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | കണ്ണൂർ ജില്ലയിലെ പൂഴാതി പഞ്ചായത്തിലെ കക്കാട് റീസർവ്വെ 205-ൽപ്പെട്ട കക്കാട് സ്റ്റേഡിയം നിർമ്മാണത്തിന് ശിപാർശ ചെയ്തിരിക്കുന്ന നിലവിലെ ഗ്രൗണ്ട് ഡിമാർക്കേഷൻ നടപടികൾ പൂർത്തിയായപ്പോൾ റിസർവ്വ് വനത്തിനകത്ത് ഉൾപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ വനം ഡിവിഷൻ തളിപ്പറമ്പ് റെയിഞ്ചിന്റെ പരിധിയിൽവരുന്ന പൂഴാതി വില്ലേജിലെ റിസർവ്വെ നമ്പർ 205 ൽപ്പെട്ട 1.036 ഹെക്ടർ സ്ഥലമാണ് കണ്ടൽ റിസർവ്വായി പ്രഖ്യാപിച്ചിട്ടുള്ളത്. ടി സ്ഥലത്ത് സർവ്വെ പ്രവൃത്തികൾ നടന്നുവരുന്നതേ ഉള്ളൂ. സർവ്വെ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ കക്കാട് സ്റ്റേഡിയം നിർമ്മാണത്തിന് ശുപാർശ ചെയ്തിരിക്കുന്ന സ്ഥലം റിസർവ്വിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പറയുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത സ്ഥലത്ത് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കക്കാട് സ്റ്റേഡിയം നിർമ്മിക്കുന്നതിന് വനം വകുപ്പിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | സർവ്വെ നടപടികൾ പൂർത്തിയാക്കി വനത്തിലുൾപ്പെടുന്നതല്ല എന്ന് കണ്ടെത്തിയാൽ വനം വകുപ്പിന് തടസ്സം ഉണ്ടാകുന്നതല്ല. |
| (സി) | ഈ വിഷയത്തിൽ 04/01/2016-ന് എ 3-23/2016 നമ്പരായി പൂഴാതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് തളിപറമ്പ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ അയച്ച കത്ത് ഇപ്പോഴും നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | സർവ്വെ നടപടികൾ പൂർത്തിയാക്കി നോട്ടിഫിക്കേഷൻ പ്രകാരമുള്ള 1.036 ഹെക്ടർ വനഭൂമിയുണ്ടെന്ന് തിട്ടപ്പെടുത്തിക്കഴിഞ്ഞാൽ മാത്രമേ തളിപ്പറമ്പ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പൂഴാതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിന്മേൽ തുടർനടപടികൾ നിർത്തിവെയ്ക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ